## പാഠം 7

# രോഗികളെ സൗഖ്യമാക്കുന്ന യേശു

**വേദഭാഗം** : യോഹ. 4: 46–54

**തങ്കവാക്യം** : പുറപ്പാട് 15:26

*നിന്റെ ദൈവമായ യഹോവയുടെ വാക്ക് നീ ശ്രദ്ധയോടെ കേട്ട് അവനു പ്രസാദമുള്ളതു ചെയ്കയും അവന്റെ കല്പനകളെ അനുസരിച്ച് അവന്റെ സകല വിധികളും പ്രമാണിക്കയും ചെയ്താൽ ഞാൻ മിസ്രയീമ്യർക്കു വരുത്തിയ വ്യാധികളിൽ ഒന്നും നിനക്കു വരുത്തുകയില്ല; ഞാൻ നിന്നെ സൗഖമാക്കുന്ന യഹോവ ആകുന്നു എന്ന് അരുളിച്ചെയ്തു.*

**പാഠം**

നിങ്ങൾ എപ്പോഴെങ്കിലും രോഗത്താൽ കിടപ്പായിട്ടുണ്ടോ? മറ്റുള്ളവർ രോഗത്താൽ കഷ്ടപ്പടുന്നതു നിങ്ങൾ കണ്ടിരിക്കുമോ? സാധാരണയായി രോഗം പിടിപ്പെടുമ്പോൾ നിങ്ങൾ എന്താണ് ചെയ്യാറുള്ളത്?

പലരും ആശുപത്രിയിലോ ഡോക്ടറുടെ വീട്ടിലോ പോയി വൈദ്യസഹായം തേടും. ചിലർ വിശ്വാസത്തോടുകൂടി പ്രാർത്ഥിച്ച് കർത്താവിൽ നിന്നും രോഗസൗഖ്യം പ്രാപിക്കുന്നു. കർത്താവിന്റെ പരസ്യശുശ്രൂഷാകാലത്ത് അനേക രോഗികൾ തന്റെ അടുക്കൽ വന്ന് സൗഖ്യം പ്രാപിച്ചിട്ടുണ്ട്. കർത്താവിന്റെ വാക്കുകൊണ്ട് താൻ അനേകരെ സൗഖ്യമാക്കിയിട്ടുണ്ട്. ഇങ്ങനെ കർത്താവ് രോഗസൗഖ്യം നൽകിയ ഒരു ബാലന്റെ കഥയാണ് ഇന്നു നാം പഠിക്കുന്നത്.

**ഫോക്കസ് /FOCUS**

**യേശുകർത്താവിൽ വിശ്വസിച്ചാൽ നമുക്ക് രോഗസൗഖ്യം പ്രാപിക്കുവാൻ സാധിക്കും.**

**We can be healed of sickness by believing in Jesus Christ**

## Lesson 7

# JESUS HEALS THE SICK

**Scripture** : John. 4:46-54

**Memory Verse** : Exodus 15 : 26

*He said, "If you listen carefully to the LORD your God and do what is right in his eyes, if you pay attention to his commands and keep all his decrees, I will not bring on you any of the diseases I brought on the Egyptians, for I am the LORD, who heals you."*

**Lesson**

Have you ever been on the bed with sickness? May be you have seen others suffering from sickness. Usually what would people do when they fall sick? Many will go to hospitals, or doctors' clinics. Some get healing from Lord Jesus Christ by their prayer of faith. Many sick people were healed by Jesus during his public ministry. Jesus healed many people by his words. Today we will learn the story of a boy who got healing from Christ.

In Capernaum of Galilee there was a noble man. Jesus came to Galilee from Judaea by passing through Samaria and went to Cana of Galilee. (Cana is 15 miles south-west of Capernaum). When Jesus was in Cana, the son of a nobleman in Capernaum fell sick, and was

**പാഠഭാഗം**

ഗലീലയിൽ കഫർന്നഹും എന്ന പട്ടണത്തിൽ ധനികനായ ഒരു രാജഭൃത്യൻ (ഗവൺമെന്റ് ഉദ്യോഗസ്ഥൻ) ഉണ്ടായിരുന്നു. യേശു യെഹൂദ്യയിൽ നിന്ന് ശമര്യയിൽകൂടി കടന്ന് ഗലീലയിൽ എത്തിയ ശേഷം കാനാവിലേക്കാണ് പോയത്. കഫർന്നഹൂമിൽ നിന്ന് കാനാവിലേക്ക് 15 മൈൽ ദൂരമുണ്ട്. ആ സമയത്ത് രാജഭൃത്യന്റെ മകന് കഠിനമായ രോഗം പിടിപ്പെട്ടു. ആബാലൻ മരണത്തിന്റെ വക്കിൽ എത്തിയിരുന്നു. യേശു കാനാവിൽ എത്തിയ വിവരം അറിഞ്ഞ ഉടൻ രാജഭൃത്യൻ 15 മൈൽ നടന്ന് അവിടെ എത്തി യേശുവിനെ കണ്ടു. മകന്റെ രോഗവിവരം കർത്താവിനോട് പറയുകയും തന്റെ വീട്ടിൽ വന്ന് പൈതലിനെ സൗഖ്യമാക്കണമെന്ന് വിനയമായി അപേക്ഷിക്കുകയും ചെയ്തു. യേശുവിന് തന്റെ മകനെ സൗഖ്യമാക്കാൻ കഴിയും എന്ന് അയാൾക്കു വിശ്വാസമുണ്ടായിരുന്നു. അതുകൊണ്ടാണല്ലോ വളരെ ദൂരം നടന്ന് യേശുവിന്റെ അടുക്കൽ എത്തിയത്. പക്ഷേ അവന്റെ വിചാരം യേശു തന്റെ വീട്ടിൽ വന്ന് പൈതലിന്റെ മേൽ കൈവച്ച് പ്രാർത്ഥിച്ച് സൗഖ്യം വരുത്തുമെന്നായിരുന്നു. നമ്മിൽ അനേകരെയും പോലെ പരിപൂർണ്ണമായി യേശുവിൽ വിശ്വസിക്കുവാൻ അവന് കഴിയുന്നില്ല. അതറിഞ്ഞ യേശു അവനോട് നിങ്ങൾ അടയാളങ്ങളും അത്ഭുതങ്ങളും കണ്ടിട്ടില്ലാതെ വിശ്വസിക്കയില്ല എന്നു പറഞ്ഞു. അടയാളങ്ങളും അത്ഭുതങ്ങളും കാണാതെ തന്നെ നാം കർത്താവിൽ വിശ്വസിക്കണം. രാജഭൃത്യന് ധൃതിയായി. കർത്താവ് വരാൻ താമസിച്ചാൽ തന്റെ മകൻ മരിച്ചു പോകും എന്ന് അവൻ ഭയപ്പെട്ടു. രോഗി മരിച്ചു പോയാൽ പിന്നെ എന്തു ചെയ്യും. യേശുവിനു മരണത്തിന്മേലും അധികാരമുണ്ട് എന്നു കാണ്മാൻ അവന് കഴിവില്ലായിരുന്നു. അതുകൊണ്ട് എല്ലാം അറിയാവുന്ന യേശുവിനോട് അവൻ അപേക്ഷിക്കുകയാണ് കർത്താവേ പൈതൽ മരിക്കുംമുമ്പേ വരേണമേ. യേശു അവന്റെ ദുഃഖവും ആഗ്രഹവും വിശ്വാസവും എല്ലാം ശരിക്ക് മനസ്സിലാക്കി

അവനെ ആശ്വസിപ്പിക്കുന്നു. യേശു അവനോട് പൊയ്ക്കൊൾക നിന്റെ മകൻ ജീവിച്ചിരിക്കുന്നു എന്ന് പറഞ്ഞു.

at the point of death. When the nobleman came to know that Jesus was in Cana, he came all the way from Capernaum to see Him. He told Jesus about the sickness of his son and requested him politely to come down to his house and heal his son. He had the faith that Jesus was able to heal his son and that was why he came to Jesus all the way. He thought Jesus would come to his house and lay His hands on the child to heal him. Like many of us, he could not believe in Jesus fully. Jesus knew this and told him, "Except you see signs and wonders you will not believe." We must believe in Christ without seeing the signs and wonders. The nobleman was in a hurry. He was afraid that his son would die. He could not believe that Jesus was having power even over death. So he was requesting Jesus to hurry. He said "Sir, come down or my child will die." Jesus understood his great desire and faith and comforted him. Jesus told him "Go your way, your son will live."

Jesus did not touch the child or pray or do any ceremonial act. He only said a word of faith to him. The nobleman believed in Jesus' words and returned home. His servants met him on the way and told him with great joy that his son is living. He asked the time when he was healed. "Yesterday at the seventh hour," they replied. The father knew that it was at the same hour that Jesus told him "Your son will live."

As a result his faith became more firm. He went home with his servants. When he reached home there was great rejoicing. Imagine what he might have told his own relatives and the people of that city. He might have told them about the compassion, love and mighty power of Jesus. Many of them believed in Jesus because of this.

Do you believe Jesus as the one who heals? What must we do to get healing from Christ?

യേശു പൈതലിനെ തൊടുകയോ പ്രാർത്ഥിക്കുകയോ മറ്റ് എന്തെങ്കിലും കർമ്മം അനുഷ്ഠിക്കുകയോ ചെയ്തില്ല. ഒരു ചെറിയ വാചകം മാത്രം പറഞ്ഞു. ആ ഉദ്യോഗസ്ഥൻ യേശുവിന്റെ വാക്ക് വിശ്വസിച്ചുകൊണ്ട് വീട്ടിലേക്ക് മടങ്ങി. അവൻ പോകുന്ന വഴിമദ്ധ്യേ അവന്റെ ദാസന്മാർ അവനെ എതിരേറ്റുവന്ന് മകൻ സൗഖ്യത്തോടെ ജീവിച്ചിരിക്കുന്നു എന്ന് സന്തോഷത്തോടെ അറിയിച്ചു. ഏതു സമയത്താണ് രോഗം മാറിയതെന്ന് അവരോടു ചോദിച്ചു. ഇന്നലെ ഏഴു മണിക്ക് എന്നവർ പറഞ്ഞു. നിന്റെ മകൻ ജീവിച്ചിരിക്കുന്നുവെന്ന് യേശു പറഞ്ഞ അതേ നിമിഷം തന്നെ അവന്റെ രോഗം മാറി എന്ന് ആ പിതാവു ഗ്രഹിച്ചു. തൽഫലമായി അവന്റെ വിശ്വാസം കുറെക്കൂടി ഉറപ്പുള്ളതായിത്തീർന്നു. അയാൾ ദാസന്മാരോടുകൂടി വീട്ടിലേയ്ക്ക് പോയി. അവിടെ ചെന്നപ്പോൾ ആ വീട്ടിൽ വലിയ സന്തോഷമായിരുന്നു ഉണ്ടായിരുന്നത്. വീട്ടുകാരും നാട്ടുകാരുമായി വന്നവരോടെല്ലാം ആ ഉദ്യോഗസ്ഥൻ എന്തായിരിക്കും പറഞ്ഞത്? യേശുവിന്റെ മനസ്സലിവ്, സ്നേഹം, സർവ്വശക്തി എന്നിവയെക്കുറിച്ചെല്ലാം അവരോട് പറഞ്ഞുകാണും. അവരിൽ പലരും യേശുവിൽ വിശ്വസിക്കുന്നതിന് ഇടയാകുകയും ചെയ്തു. ഇതുപോലെ അനേകം രോഗികളെ യേശു സൗഖ്യമാക്കിയത് വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചുവടെ ചേർത്തിരിക്കുന്ന വേദഭാഗങ്ങൾ വായിച്ച് യോഹന്നാൻ 5:1-9. യേശു ആരെയാണ് സൗഖ്യമാക്കിയത് എന്ന് മനസിലാക്കുക.

യേശു രോഗസൗഖ്യം തരുന്നവനാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? കർത്താവിൽ നിന്ന് രോഗസൗഖ്യം പ്രാപിക്കുന്നതിന് നാം എന്തു ചെയ്യണം? ഈ കഥയിലെ രാജഭൃത്യൻ അത്ഭുതങ്ങളോ അടയാളങ്ങളോ കണ്ടിട്ടല്ല വിശ്വസിച്ചത്. കർത്താവിന്റെ അക്ഷരീയമായ സാന്നിദ്ധ്യം അവൻ ആദ്യം ഗ്രഹിച്ചു. പക്ഷേ യേശുവിന്റെ അടുത്ത് കുറെ സമയം ചെലവഴിച്ചപ്പോൾ അവന്റെ വിശ്വാസം വർദ്ധിച്ചു. പൊയ്കൊൾക നിന്റെ മകൻ ജീവിച്ചിരിക്കുന്നു എന്ന് യേശു പറഞ്ഞപ്പോൾ അവൻ ഒട്ടും സംശയിക്കാതെ വിശ്വസിച്ചുകൊണ്ട് മടങ്ങിപ്പോകുകയാണ് ചെയ്തത്. ദൂരത്തും സമീപത്തും ഒരുപോലെ അധികാരമു

The nobleman in this story believed in Jesus not by seeing any signs or wonders. He wished at first that Jesus will come to his house and heal his son. But when he spent a little time with Jesus, his faith increased. When Jesus said 'Go your way; your son lives' he went home without any doubt. Jesus Christ has the power to work everywhere in nearby as well as far off places. We must have the full faith that He is the almighty God who can heal all our sickness and is compassionate in our troubles. He comes to our help when we call upon him. When we step forward with faith, Christ will do wonders to strengthen our belief. This event teaches us that no material media is needed for Christ to do His work. Let us experience the truth that God heals the sick and let us be witnesses for that. Read what Apostle James has told in his epistle about healing (James 5:16). Therefore confess your sins to each other and pray for each other so that you may be healed. The prayer of a righteous person is powerful and effective. Listen carefully to the word of God which He gave to the children of Israel to get deliverance from sickness (Exodus 15:26).

നിങ്ങൾക്ക് കുറിപ്പ് എഴുതാനുള്ള സ്ഥലം /
*Write your notes here*

ള്ളവനാണ് യേശുകർത്താവ്. അവൻ ഏതു ഭയങ്കര രോഗത്തേയും മാറ്റുവാൻ തക്കവണ്ണം സർവ്വശക്തനും നമ്മുടെ കഷ്ടതകളിൽ നമ്മോട് സഹതപിക്കുന്നവനും നമ്മുടെ പ്രാർത്ഥന കേട്ട് നമ്മെ സഹായിക്കുന്നവനുമാണെന്ന് നാം പൂർണ്ണമായി വിശ്വസിക്കണം. നാം വിശ്വാസത്തോടുകൂടി നമ്മുടെ കാലടികൾവെയ്ക്കുമ്പോൾ നാം വിശ്വാസത്തിൽ കൂടുതൽ ഉറയ്ക്കത്തക്കവണ്ണം കർത്താവ് അത്ഭുതങ്ങൾ പ്രവർത്തിക്കും.

കർത്താവ് പ്രവർത്തിക്കുന്നതിനു ബാഹ്യമായ ഉപാധികളൊന്നും ആവശ്യമില്ല എന്നും ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു. യേശു രോഗികളെ സൗഖ്യമാക്കുന്നു എന്ന സത്യം അനുഭവിച്ചറിയുന്നതിനും അതിനു സാക്ഷ്യം വഹിക്കുന്നതിനും നമുക്കിടയാകട്ടെ. രോഗശാന്തി പ്രാപിക്കുന്നതിന് എന്തു ചെയ്യണമെന്ന് യാക്കോബ് അപ്പോസ്തലൻ തന്റെ ലേഖനത്തിൽ (യാക്കോ. 5:16) പറഞ്ഞിരിക്കുന്നത് എന്താണെന്ന് പഠിക്കുക. എന്നാൽ നിങ്ങൾക്ക് രോഗശാന്തി വരേണ്ടതിന് തമ്മിൽ പാപങ്ങളെ ഏറ്റു പറഞ്ഞ് ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ . നീതിമാന്റെ പ്രാർത്ഥന വളരെ ഫലിക്കുന്നു. രോഗങ്ങളിൽ നിന്ന് വിടുവിക്കപ്പെടുന്നതിന് എന്തു ചെയ്യണമെന്ന് ദൈവം യിസ്രായേൽ മക്കളോട് പറഞ്ഞകാര്യം പ്രത്യേകം ശ്രദ്ധിക്കുക മനഃപ്പാഠമാക്കുക.

നിന്റെ ദൈവമായ യഹോവയുടെ വാക്കു നീ ശ്രദ്ധയോടെ കേട്ട് അവന് പ്രസാദമുള്ളത് ചെയ്കയും അവന്റെ കല്പനകളെ അനുസരിച്ച് അവന്റെ സകലവിധികളും പ്രമാണിക്കയും ചെയ്താൽ ഞാൻ മിസ്രയീമ്യർക്ക് വരുത്തിയ വ്യാധികളിൽ ഒന്നും നിനക്ക് വരുത്തുകയില്ല. ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ ആകുന്നു. എന്ന് അരുളി ചെയ്തു (പുറ. 15:16).

നിങ്ങൾക്ക് കുറിപ്പ് എഴുതാനുള്ള സ്ഥലം /
*Write your notes here*

## പ്രവൃത്തി പരിചയം / WORK EXPERIENCE

### I. വിദ്യാർഥികളുമായി ചർച്ച ചെയ്യുക. Discuss with the students

1. യേശു ശമര്യയിൽ നിന്ന് ഗലീലയിൽ വന്നപ്പോൾ ഏതു സ്ഥലത്താണ് എത്തിയത് ? ആ സ്ഥലം കഫർന്നഹൂമിൽ നിന്ന് എത്ര മാത്രം ദൂരത്താണ്? Where did Jesus reach when he came from Samaria to Galilee ? How far is that place to Capernaum?

2. കഫർന്നഹൂമിലെ രാജഭൃത്യൻ യേശുവിനെ സമീപിച്ചത് എന്തിനു വേണ്ടിയായിരുന്നു? Why did the nobleman from Capernaum approach Jesus ?

3. രാജഭൃത്യന്റെ വിശ്വാസം ആദ്യം പരിമിതമായിരുന്നു എന്നു പറയാം. എന്തുകൊണ്ട്? We can say that the nobleman's belief was limited at first. Why ?

4. പൊയ്ക്കൊൾക നിന്റെ മകൻ ജീവിച്ചിരിക്കുന്നു. സന്ദർഭം വിശദീകരിക്കുക. Go your way, your son lives. Explain the context.

5. രാജഭൃത്യന്റെ വിശ്വാസം പൂർണ്ണമായി ഉറപ്പിക്കപ്പെട്ടത് എപ്പോഴായിരുന്നു? When did the nobleman's faith becomes firm?

6. രോഗശാന്തി കർത്താവിൽ നിന്ന് പ്രാപിക്കാം എന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? കർത്താവിൽ നിന്ന് രോഗശാന്തി പ്രാപിക്കുന്നതിന് നാം എന്തു ചെയ്യണം? Do you believe that you can experience healing from Jesus Christ? What must we do to get healing from Him ?

7. രോഗങ്ങൾ വരാതിരിക്കുന്നതിന് എന്തു ചെയ്യണമെന്നാണ് ദൈവം യിസ്രയേൽ മക്കളോട് അരുളി ചെയ്തത്? What did God say to Israel, that they should do to keep themselves away from sickness ?

**യേശു രോഗികളെ സൗഖ്യമാക്കുന്ന ചിത്രം നിറം കൊടുത്ത് ലഘു വിവരണം എഴുതുക (യോഹന്നാൻ 5:1-9) / Colour the picture of Jesus healing the sick and explain it briefly (John 5:1-9)**



**II.**

**യേശുവിന്റെ അടുക്കൽ എത്തുവാൻ രാജഭൃത്യന് വഴി കാട്ടിക്കൊടുക്കുക. / Show the way to nobleman to reach Jesus.**

